# 892

122-ാം സങ്കീർത്തനം

നോക്കിലാർക്കും മതിവരാ മന്ദിരം ഭാഗ്യനാഥന്റെ ദിവ്യമാമാലയം
പോക നാമവിടെന്നു ചൊന്നളവെന്തുമോദമുദിച്ചു മേ!-

1 സാലേമേ! ഞങ്ങൾ കാലുകൾ നിന്നുടെ വാതിലിന്നകമേയിതാ
സ്ഥിതിചെയ്തിടുന്നതി ചിത്രമായ് തമ്മിൽ ചേർത്തിണക്കി-
ഷണിതുള്ളൊരു ഹർമ്മ്യമേ തവഭംഗി വാഴ്ത്തുവതേ-
തൊരുത്തനു സാദ്ധ്യമാം?-

2 യിസ്രായേലിന്നു സാക്ഷ്യത്തിനായ് തത്ര
സ്തോത്രസേവ നടത്തുവാനഖിലേശഗോത്ര സമുച്ചയം
എത്തിടുന്നവിടെ ദാവീദ് രാജന്റെ ശാസ്ത്രമേറിന ധർമ്മപീഠ-
മിരുന്നിടുന്നു വിധിക്കിതാ!-

3 ആശംസിക്കേവം ശാലേമിൻ ശാന്തിയെ
സ്വൈരമായ് നിവസിക്ക നിന്നോട് കുറെഴുന്നവരേവരും
നിന്നരമന കൊത്തളമെന്നിവ നിർണ്ണയം സുഖശാന്തികൊ ു
നിറഞ്ഞിരിക്കണമെന്നുമേ-

4 എൻ സഹോദരന്മാരും സഖാക്കളും നിന്നിലാണ് വസിപ്പതെന്നൊരു
കാരണത്തെ നിനച്ചു ഞാൻ നിന്നിൽ ശാന്തിയു ാകെന്നു
ഘോഷിക്കും മന്നവാലയമുള്ളതാൽ തവ നന്മ ഞാൻ കരുതിടുമേ-

5 വന്ദനം പിതാവിന്നു നിരന്തരം വന്ദനം നരവർഗ്ഗരക്ഷക-
നേശുവിന്നുമതേ വിധം വന്ദനം പരിവാവനരൂപിക്കും
വന്ദനം യുഗകാലമായ് തുടരട്ടെ മാനവരേവരും-

**K.V.S.**